**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **22-01-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ നിന്ന് കർഷകർക്ക് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | കർഷകരുടെ സംരക്ഷണം ഉറപ്പാക്കാൻ കാട്ടുപന്നിയെ ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വെടിവെച്ച് കൊല്ലുവാൻ വനം വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; | (എ) | വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട് |
| (ബി) | നിലവിലുള്ള ഉത്തരവിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; അത് നീട്ടി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിലെ ഉത്തരവിന്റെ കാലാവധി 17.05.2021 ൽ ആയത് നീട്ടി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ജീവനോപാധിയടക്കം കർഷകർക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന നഷ്ടപരിഹാരത്തിന് സമാനമായ നഷ്ടപരിഹാരം നൽകാറുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; | (സി) | വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തര (കൈ) നം. 17/2018/വനം പ്രകാരം പുതുക്കിയ നിരക്ക് അനുസരിച്ച്, വന്യജീവി ആക്രമണംമൂലമുള്ള മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 0ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇതുകൂടാതെ, താഴെ പറയുന്ന നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം ടി ഉത്തരവനുസരിച്ച് നൽകിവരുന്നു |
| (ഡി) | വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് പരിരക്ഷ നൽകുന്നതിനായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ? | (ഡി) | വനങ്ങളിലും വനത്തിന് സമീപവും താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക്, 14.03.1995-ലെ സ.ഉ. (കൈ) നം.12/95/വനം വന്യജിവി വകുപ്പ്, ഉത്തരവിൻ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികജാതിക്കാരുൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള പരിരക്ഷയുടെ പ്രയോജനം ഭാഗികമായി ലഭ്യമാണ് |

സെക്ഷൻ ഓഫീസർ